## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6498** | **03.04.2018-ൽ മറുപടിക്ക്**

## മിനിമം വേതനവുമായും ഗ്രാറ്റുവിറ്റിയുമായും ബന്ധപ്പെട്ട കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് മിനിമം വേതനവുമായും തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയുമായും ബന്ധപ്പെട്ട നിരവധി കേസുകൾ വർഷങ്ങളായി കെട്ടികിടക്കുന്ന സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിനിമം വേതന നിയമപ്രകാരം ഫയൽ ചെയ്യുന്ന ക്ലെയിം കേസുകൾ കേൾക്കുന്നതിനുള്ള അധികാരി 2014 മുതൽ നിലവിലില്ലാതിരുന്നതിനാൽ ടി കേസുകൾ യഥാസമയം തീർപ്പാക്കുന്നതിന് കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ ടി നിയമപ്രകാരമുള്ള ക്ലെയിം കേസുകൾ കേൾക്കുന്നതിനുള്ള അതോറിറ്റി ആയി 20.10.2017-ൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാറ്റുവിറ്റിയെ സംബന്ധിച്ച അധികാരി പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമപ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരാണ്. ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടന്ന കാലയളവിൽ ഗ്രാറ്റുവിറ്റി കേസുകൾ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഇത് സംബന്ധിച്ച് പരാതികളൊന്നുമില്ല. |
| (ബി) ഇത്തരം കേസുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമല്ലാത്തതാണ് കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകാൻ കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത്തരം കേസുകൾ തീർപ്പാക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ; ഇതുമായി ബന്ധപ്പെട്ട് അദാലത്തുകൾ സംഘടിപ്പിക്കുന്ന | (ബി) 17.01.2014 വരെ മിനിമം വേജസ് ക്ലെയിം കേസുകൾ തീർപ്പ് കൽപ്പിക്കുന്നത് അതത് അധികാര പരിധികളിലെ എംപ്ലോയിസ് കോമ്പൻസേഷൻ കമ്മീഷണർമാരായിരുന്നു. എന്നാൽ സർക്കാരിന്റെ 18.01.2014-ലെ 8/2014/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം എംപ്ലോയിസ് കോമ്പൻസേഷൻ കമ്മീഷണറുടെ ചുമതല വ്യാവസായിക ട്രൈബ്യൂണലിന് കൈമാറിയിരുന്നു. ഈ ഉത്തരവിൽ മിനിമം വേജസ് ക്ലെയിം കേൾക്കുന്നതിന് വ്യാവസായിക ട്രൈബ്യൂണൽമാർക്ക് അധികാരം നൽകിയിരുന്നില്ല. ഈ സാഹചര്യത്തിൽ മിനിമംവേതന ക്ലെയിം കേസുകൾ |

കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ ?

തീർപ്പാക്കുന്നതിനുള്ള അധികാരം അവ നിലവിൽ ചെയ്തു വന്ന തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് നൽകുന്നതിന് മിനിമം വേതനനിയമം 1948 സെക്ഷൻ 20(1)-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ലേബർ കമ്മീഷണറെ ക്ലെയിം കേസ് കേൾക്കുന്നതിനുള്ള അതോറിറ്റി ആയി നിയമിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ നിലവിലുള്ള ചുമതലകൾക്കു പുറമെ എല്ലാ ജില്ലകളിലേയും ക്ലെയിം കേസുകൾ കേൾക്കുന്നതിന് സാഹചര്യമുണ്ടായിരുന്നില്ല. ഇപ്പോൾ മിനിമം വേജസ് ക്ലെയിം കേസ് കേൾക്കുന്നതിന് അതോറിറ്റിയെ നിയമിക്കുകയും അവർ കേസുകൾ കേൾക്കുകയും ചെയ്തുവരികയാണ്. ഗ്രാറ്റുവിറ്റി കേസ് കേൾക്കുന്നതിനും നിലവിൽ അധികാരിയെ നിയമിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 15.12.2016-ൽ ഗ്രാറ്റുവിറ്റി അദാലത്ത് സംഘടിപ്പിച്ചിരുന്നു. ഗ്രാറ്റുവിറ്റി കേസുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ അദാലത്ത് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.